പി.എസ്.സി. വഴിയായി നിലവിലുള്ള സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ടാണ്. ഇതിനാൽ സാമുദായിക സംവരണ വ്യവസ്ഥയിലൂടെ നിയമനം ലഭിക്കുന്നവരുടെ സംഖ്യയിൽ കുറവുണ്ടാകുന്നതല്ല.

വനംവകുപ്പിലെ ദിവസക്കൂലി ജീവനക്കാർ

93 (428) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിൽ ചീഫ് കൺസർവേറ്റർ ഓഫീസ് മുതൽ റെയിഞ്ച് ഓഫീസ് വരെ വിവിധ തസ്തികകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ തസ്തിക തിരിച്ചും ഓഫീസ് തിരിച്ചുമുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി സർവ്വീസിൽ തുടരുന്ന ദിവസക്കൂലിക്കാരെ അടിയന്തിരമായി പിരിച്ചുവിടാൻ നടപടി സ്വീകരിക്കുമോ;

(ഡി) വർഷങ്ങളായി ദിവസക്കൂലി അടിസ്ഥാനത്തിൽ സർവ്വീസിൽ തുടരുന്ന ജീവനക്കാരെ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോഴും സർവ്വീസിൽ തുടരാൻ അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

റെയിഞ്ചർമാരുടെ നിയമനം

94 (429) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. സി. മോയീൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ഒക്ടോബർ മാസത്തിനുശേഷം ഇതുവരെ വനംവകുപ്പിൽ എത്ര റെയിഞ്ചർമാർ പെൻഷൻ പറ്റിയിട്ടുണ്ട്;

(ബി) ഈ ഒഴിവുകളിൽ നിയമനം നടത്തിയത് എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ഒഴിവുകളിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിയമനം നൽകിയിട്ടുണ്ടോ;

(ഡി) റെയിഞ്ചർമാരുടെ കേഡർ സ്ട്രെങ്തിന്റെ 25% വീതം നാല് കാറ്റഗറികൾക്കായി നൽകണമെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ;

(ഇ) എങ്കിൽ ഓരോ കാറ്റഗറിയിലും ജോലി നോക്കിവരുന്ന റെയിഞ്ചർമാർ എത്രവീതമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1999 ഒക്ടോബർ മാസത്തിനുശേഷം 30/11/2000 വരെ 21 റെയിഞ്ചർമാർ പെൻഷൻ പറ്റിയിട്ടുണ്ട്.

(ബി) പ്രസ്തുത 21 ഒഴിവുകളിൽ താഴെപ്പറയുന്ന രീതിയിൽ നിയമനം നടത്തി:

LIBRARY ARCHIVES Kerala Legislative Assembly